## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 396    10/06/2014-ൽ മറുപടിക്ക്

# അങ്കമാലി കേന്ദ്രമാക്കി പുതിയ ഇലക്ട്രിക്കൽ ഡിവിഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പെരുമ്പാവൂർ ഇലക്ട്രിക് ഡിവിഷന്റെ കീഴിലുള്ള ഉപഭോക്താക്കളുടെ ബാഹുല്യവും ലക്ഷത്തോളം വരുന്ന അങ്കമാലി നിവാസികളുടെ ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് പെരുമ്പാവൂർ ഇലക്ട്രിക്കൽ ഡിവിഷൻ വിഭജിച്ച് അങ്കമാലി കേന്ദ്രമാക്കി പുതിയ ഡിവിഷൻ ആരംഭിക്കണമെന്നാവശ്യപ്പെട്ട് 4.02.2014 ന് സമർപ്പിച്ചിരുന്ന അപേക്ഷയിൽ (176/VIP/2014 M(P) സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും<br><br>പെരുമ്പാവൂർ ഡിവിഷൻ വിഭജിച്ച് അങ്കമാലി കേന്ദ്രമാക്കി പുതിയ ഡിവിഷൻ ആരംഭിക്കണമെന്ന അപേക്ഷയിന്മേലുള്ള റിപ്പോർട്ടിന്റെ പകർപ്പ് **അനുബന്ധമായി ചേർക്കുന്നു.** |
| (ബി) ഇതിനായി കെ. എസ്. ഇ. ബി ചെയർമാൻ അടിയന്തിര റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | |
| (സി) ഇല്ലെങ്കിൽ റിപ്പോർട്ട് സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

3 76

"മലയാളം മാതൃഭാഷ"

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

ഫോൺ : +91 471 2445658
ഫാക്സ് : +91 471 2447228
ഇമെയിൽ:mdkseb@ksebnet.com

വിതരണം, ഉല്പാദനം-ഇലക്ട്രിക്കൽ ഡയറക്ടറുടെ കാര്യാലയം
വൈദ്യുതി ഭവനം, പട്ടം.
തിരുവനന്തപുരം – 695 004

നമ്പർ. ഡി(ഡി&ജി.ഇ.)/ഡി5/ എൻ.ഡി. - അങ്കമാലി/580/2014 തീയതി:27.03.2014

സ്വീകർത്താവ്

ബഹു: ഊർജ്ജ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ഗവ: സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

സർ,

**വിഷയം: പെരുമ്പാവൂർ ഇലക്ട്രിക്കൽ ഡിവിഷൻ വിഭജിച്ച് അങ്കമാലി കേന്ദ്രമായി ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ച്.**

സൂചന: 1. 01.02.2014 - ലെ ബഹു. എം.എൽ.എ. ശ്രീ. അഡ്വ. ജോസ് തെറ്റയിൽ സമർപ്പിച്ച അപേക്ഷ നം. ജെ.റ്റി./ എ.എൻ.ജി. – 14.

**മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.**

**ഏകദേശം 737 ചതുരശ്ര കിലോമീറ്റർ വിസ്തൃതി ഉള്ള പെരുമ്പാവൂർ ഇലക്ട്രിക്കൽ ഡിവിഷന്റെ പരിധിയിൽ 2,29,683 ഉപഭോക്താക്കളാണ് ഉള്ളത്. ഇതിനേക്കാൾ ഉപഭോക്തൃബാഹുല്യമുള്ള അഞ്ച് ഇലക്ട്രിക്കൽ ഡിവിഷനുകൾ ഇപ്പോൾ നിലവിലുണ്ട്. ഇവയുടെ വിവരം ചുവടെ ചേർക്കുന്നു.**

| ക്രമ നം. | ഡിവിഷന്റെ പേര് | ഉപഭോക്താക്കളുടെ എണ്ണം | വിസ്തൃതി (ച. കി.മീ.) |
|---|---|---|---|
| 1 | നെയ്യാറ്റിൻകര | 247,771 | 409 |
| 2 | കണ്ണൂർ | 240,352 | 639 |
| 3 | ബാലുശ്ശേരി | 238,703 | 1074 |
| 4 | തിരൂർ | 238,507 | 850 |
| 5 | കാസറഗോഡ് | 236,287 | 949 |
| 6 | പെരുമ്പാവൂർ | 229,683 | 737 |

ഏറ്റവുംകൂടുതൽ ഉപഭോക്തൃബാഹുല്യമുണ്ടായിരുന്ന ഷൊർണ്ണൂർ, മഞ്ചേരി, നെടുമങ്ങാട് എന്നീ ഡിവിഷനുകളും, വിസ്തൃതിയിൽ മുന്നിലുണ്ടായിരുന്ന നിലമ്പൂർ ഡിവിഷനും (ഏകദേശം 1345 ച. കി.മീ.) **വിഭജിച്ചാണ് പുതിയ നാല് ഡിവിഷനുകൾ ബോർഡ് അനുവദിച്ചത്.**

**മേൽ വിഷയത്തിൽ** വേണ്ട നിർദ്ദേശത്തിനായി പ്രസ്തുത വിവരം ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിയുടെ **ശ്രദ്ധയിൽപ്പെടുത്തുവാൻ താൽപ്പര്യപ്പെടുന്നു.**

വിശ്വസ്തതയോടെ,

22.03.14

(എം. മുഹമ്മദാലി റാവുത്തർ)
വിതരണം, ഉല്പാദനം - ഇലക്ട്രിക്കൽ ഡയറക്ടർ

Section Officer

DESPATCHED
No. 5853
Date 27/3/14